


# കാറിലുറങ്ങുമ്പോൾ കാറ്റടിയ്ക്കരുത്

എ. എസ്തപ്പാൻ

**വയനാട്ടിൽനിന്ന് മൈസൂരിലേക്കുള്ള എൻ.എച്ച്. 212ലൂടെയുള്ള രാത്രിയാത്ര മൃഗങ്ങളുടെ സ്വൈര ജീവിതത്തിന് തടസ്സമാകുന്നതിനാൽ നിരോധിച്ചിരിക്കുകയാണ്. ഇതിൽ ആകെ ഹാലിളകി എല്ലാവരും പ്രതിഷേധവുമായി രംഗത്തെത്തിയിരിക്കുന്ന സമയത്ത് ജന്തുക്കളുടെ അവകാശങ്ങളും മനുഷ്യരുടെ കടമകളേയുംകുറിച്ച്...**

സുൽത്താൻബത്തേരി - ഗുണ്ടൽ പേട്ട് എൻ. എച്ച്. 212ൽ രാത്രിയിൽ ഡ്രൈവിങ്ങ് നിയന്ത്രണ മേർപ്പെടുത്തിയതിനെത്തുടർന്ന്, അതിനെതിരെ അത്യുഗ്രൻ ഇൻവെസ്റ്റിഗേറ്റീവ് റിപ്പോർട്ടിങ്ങാണ് കുറച്ചു ദിവസങ്ങളായി നമ്മുടെ മുഖ്യധാരാ പത്രങ്ങളിലെ ലീഡ് ന്യൂസുകൾ. ലേഖകൻ നേരിട്ട് ചെക്ക് പോസ്റ്റുകളിൽ പോയി സംഭവത്തിന്റെ ഭീകരമുഖങ്ങൾ വിശദീകരിക്കുന്ന വാർത്തകളും അനേകം. ബാംഗ്ലൂരിൽ നിന്നും മൈസൂരിൽനിന്നും തിരിച്ചു വരുന്ന വാഹനങ്ങൾ അതിർത്തിയ്ക്കപ്പുറത്തെ ചെക്ക്പോസ്റ്റിൽ തടഞ്ഞിടുമ്പോൾ വാഹനത്തിനകത്ത് കരഞ്ഞു ക്ഷീണിച്ച കുഞ്ഞിനെക്കുറിച്ചും അനാരോഗ്യംമൂലം ബുദ്ധിമുട്ടുന്ന വൃദ്ധജനങ്ങളെക്കുറിച്ചുള്ള ആകുലമായ വർണ്ണനകൾ വേറെ. (അവർ, അന്യ സംസ്ഥാനങ്ങളിൽ പണം കൊടുത്ത സീറ്റിൽ പ്രൊഫഷണൽ കോഴ്സു പഠിക്കുന്ന ചെറുമകന് വറുത്തുപ്പോരി കൊടുക്കാൻ പോയതോ, കുടകിൽ ഇഞ്ചികൃഷി നോക്കാൻ പോയതോ അല്ല.) ഒരു രാത്രി മുഴുവൻ കൊടുംതണുപ്പിൽ പെരുവഴിയോരത്ത് കഴിച്ചുകൂട്ടേണ്ടിവരുന്ന ഹതഭാഗ്യരുടെ കഷ്ടപ്പാടുകൾ എല്ലാ പത്രങ്ങളിലും കാണാം. അതും അതിർത്തിയ്ക്കപ്പുറത്തുള്ള ഹൈവേയ്ക്കിരുവശവും സമൃദ്ധമായ കൃഷിസ്ഥലങ്ങളായതുകൊണ്ട് ഒടുക്കത്തെ തണുപ്പാണത്രെ, അവിടെ. രാത്രിയിൽ നിർത്തിയി ടേണ്ടിവരുന്ന സ്ഥലങ്ങളിലൊന്നും ബീഫ്ഫ്രൈയോ കെ.എഫ്. ബിയറോ കിട്ടാത്തതുകൊണ്ട് യാത്രക്കാരുടെ ദുരിതം ഇരട്ടിയാകുന്നു. സാക്ഷരസദാചാര കേരളത്തിന്റെ

മഹത്തായ സൂപ്പർ മാർക്കറ്റുകൾക്ക് ഷോപ്പിങ്ങ് ഹങ്കാമ നടത്താനുള്ള ചരക്കുകളുമായി കുതിച്ചു വരുന്ന ലോറികൾ പിടിച്ചിടേണ്ടി വരുമ്പോഴുള്ള ഗുരുതരമായ ഭവിഷ്യത്തുകൾ അന്യത്ര.

അപ്പോൾ ആരെ പ്രീതിപ്പെടുത്താനാണ് ഈ നശിച്ച നിയമം ഇപ്പോൾ നടപ്പിലാക്കിയിരിയ്ക്കുന്നത് എന്നു സംശയിക്കുകയാണെങ്കിൽ ഉത്തരം റെഡി. രണ്ടതിർത്തികളിലേയും കച്ചവടക്കാരെ സംരക്ഷിക്കാൻ, മുറുക്കാൻ കടകളിലെ ടേണോവർ ഉയർത്താൻ അല്ലെങ്കിൽ അതിർത്തിയ്ക്കുള്ള നക്ഷത്രഹോട്ടലുകൾ കുത്തിനിറയ്ക്കാൻ. അല്ലാതെന്ത്? പക്ഷേ ഈ നിയമം ഇതുപോലെത്തന്നെ നിലനിൽക്കുകയാണെങ്കിൽ കുറേക്കാലത്തിനുശേഷം യാത്രക്കാർ ഈ നിയന്ത്രണത്തിനനുസരിച്ച് പെരുമാറുകയാണെങ്കിൽ അപ്പോഴും അതിർത്തികളിലെ ഈ കച്ചവടം, തുടരുമോ? പ്രശ്നങ്ങൾ കാലക്രമേണ മാറുകയില്ലേ എന്നു നിങ്ങൾ ചോദിയ്ക്കരുത്. ഞങ്ങൾ അച്ചടിയ്ക്കുന്നത് നിങ്ങൾ വായിച്ചാൽ മതിയാകും. തിരിച്ചു ചോദ്യം വേണ്ട. ചരക്കുവണ്ടികളുടെ അസാദ്ധ്യമായ തിരക്കാണ് ഈ ഹൈവേയിൽ അനുഭവപ്പെടുന്നത്. അവ അതിർത്തികളിൽ പിടിച്ചിടുമ്പോൾ സ്വാഭാവികമായും ബുദ്ധിമുട്ടുകളുണ്ടാകാം. സാധനങ്ങൾ ചീഞ്ഞുപോകാൻ സാദ്ധ്യതയുണ്ട്. പക്ഷേ, നിയന്ത്രണസമയത്തിന് അനുസരിച്ചു യാത്ര പുറപ്പെട്ടാൽ മതിയല്ലോ? അങ്ങനെയാണെങ്കിൽ കേരളത്തിലെ കടകളിൽ ഈ യാത്രാനിയന്ത്രണം കാരണം സാധനങ്ങൾ കിട്ടാനില്ലാ എന്ന സ്ഥിതിയും ഉണ്ടാകില്ല. അപ്പോൾ ലോറികൾ വഴിവക്കിൽ കിടന്നാൽ ആർക്കാണ് ചേതം? ലോറി ഉടമയ്ക്ക് മാത്രം. അപ്പോൾ ലോറി മുതലാളിയ്ക്കു വേണ്ടിയാണോ ഈ പത്ര-രാക്ഷസന്മാർ കണ്ണീരൊഴുക്കുന്നത്?

സമൂഹത്തിലെ ഏതെങ്കിലും പ്രവൃത്തിതലത്തിൽ ഒരു നിയന്ത്രണമാവശ്യപ്പെടുമ്പോഴാണ് അവിടെ ഒരു നിയമമുണ്ടാകുന്നത്. ആ നിയമം സമൂഹത്തിന്റെ പൊതുനന്മയ്ക്കും സർവ്വതോന്മുഖമായ വികസനത്തിനുമാണ് ഭാഗഭാക്കാവുന്നത്. കാറ്റലിസ്റ്റാകുന്നത്. ഏതു നിയമത്തിനും ആദ്യ നിയോഗം ജനത്തിന് ക്രമസമാധാനം നല്കാനും പിന്നീട് ഉദ്യോഗസ്ഥർക്ക് പണസമാഹരണം നടത്തുന്നതിനും ആണെന്നുള്ളത് വേറെക്കാര്യം. നിയമത്തിന്റെ നടത്തിപ്പ് അധികൃതർ നടത്തിക്കോളും. നിയമത്തിനെ നമ്മുടെ ആവശ്യങ്ങളിലേക്ക് തർജമ ചെയ്യാനാണ് പഠിയ്ക്കേണ്ടത്. അതിനേക്കാളുപരി, ഏതു നിയമവും പുതിയതായി സമൂഹത്തിൽ നടപ്പിൽ വരുത്തുമ്പോൾ ജനങ്ങളുടെ ഭാഗത്ത് ആദ്യമാദ്യം ഒരു തരം കുതറൽ പ്രവണത കണ്ടുവരാറുണ്ട്. കാലക്രമേണ എല്ലാം 'നിയമാനുസൃത' മാവുകയാണ് പതിവ്.

അപ്പോൾ കാലേക്കൂട്ടി പത്രങ്ങളുടെ ഭാഗത്തുനിന്ന് ഇപ്പോൾ കുതറൽ വരുന്നത് എന്തുകൊണ്ടാണ്? വ്യവസ്ഥാപിത പത്രങ്ങൾ, വാർത്തകൾക്കായാലും പരസ്യങ്ങൾക്കായാലും മറ്റ് ആനുകൂല്യങ്ങൾക്കായാലും മുതലാളിമാർക്കൊപ്പം നില്ക്കുന്നതുകൊണ്ടുതന്നെ. അല്ലെങ്കിൽ പത്രമുടമകൾ തന്നെ ലോറി സർവ്വീസുകൾ നടത്തുന്നുണ്ടാകണം. നിയന്ത്രണത്താൽ കഷ്ടപ്പാടിലകപ്പെടുന്ന ലോറികളും അതിലെ ചരക്കുകളും എല്ലാം മുക്കാലേ അരയ്ക്കാലും ഏതെങ്കിലും ബിസിനസ്സ് സ്ഥാപനങ്ങളുടേതായിരിയ്ക്കും. കോയമ്പത്തൂരിൽ നിന്നും മൊട്ടോറോ മൈസൂരിൽ നിന്നും ഗ്രൈൻഡറോ മേടിക്കാൻ പോകുന്ന സാധാരണക്കാരൻ ഈ വക കാര്യങ്ങളൊക്കെ മുൻകൂട്ടിക്കണ്ടേ വീടുപൂട്ടി ഇറങ്ങുകയുള്ളു. പോയകാലങ്ങളിലെ ഹർത്താൽ രാഷ്ട്രീയം ഈ വക സന്ദർഭങ്ങളിൽ നമ്മളെ ജാഗരൂകരാക്കുന്നു. അപ്പോൾ പിന്നെ ഈ ലോറിക്കാരും, നിയമത്തിനനുസരിച്ച് അവരവരുടെ ട്രിപ്പുകൾ പുനഃക്രമീകരിച്ചാൽ പ്രശ്നം തീർന്നുവല്ലോ. പക്ഷേ പ്രശ്നം തീരരുത്. തീർന്നാൽപ്പിന്നെ രാത്രിയുടെ മറവിൽ എങ്ങിനെ വ്യാജസ്പിരിറ്റ് ഇറക്കാൻ പറ്റും? എങ്ങിനെ ഒരു മ്ലാവിനേയോ, പോട്ടെ, ഒരു കാട്ടുമുയലിനേയെങ്കിലുമോ വണ്ടിയിടിക്കാൻ പറ്റും? നിയമവും നിയമ പാലകരും കണ്ണിലെണ്ണയൊഴിച്ച് പരിപാലിച്ചിട്ടും നമ്മുടെ കാടുകളിൽ മരങ്ങൾ മാത്രം കുറഞ്ഞുവരുന്നതിന്റെ രഹസ്യമെന്താണ്? ധനമന്ത്രിക്ക് ക്ലീൻ ചെയ്യാൻ ചെക്കുപോസ്റ്റുകളും വേണമല്ലോ? രാത്രി പത്തുമുതൽ ആറുവരെ അടച്ചിട്ട ചെക്കുപോസ്റ്റാഫീസുകളിൽ പിന്നെ ഗുമുസ്തൻമാർ അമ്പത്താറു കളിയ്ക്കണോ?


പക്ഷേ സുഹൃത്തേ ഇവിടെ രാത്രിയിലെങ്കിലും കാട്ടുമൃഗങ്ങൾക്ക് വഴിനടക്കാനവകാശമുണ്ട്. ഇപ്പോൾ വി



സി എഞ്ചിൻ ഘടിപ്പിച്ചോടുന്ന പുത്തൻ കാറുകൾ ചീറിപ്പായുന്ന ഈ 212 ഹൈവേ രൂപം കൊള്ളുന്നതിനും മുമ്പേ ഈ പ്രദേശം മുഴുവനും ആനത്താരകളും നടപ്പാതകളുമായിരുന്നു. നഗരങ്ങളിലെ ബഹുനില സൗധങ്ങളും അവയെ ബന്ധിപ്പിക്കുന്ന അതിവേഗപ്പാത കളുമാണ് വികസനം എന്നെഴുതിപ്പഠിച്ച നമ്മൾ. ഒരു സുപ്രഭാതത്തിൽ വളച്ചുകെട്ടിയെടുത്ത ഈ സ്ഥലം പണ്ട് കരടിയും കാട്ടിയും തിമിർത്തു നടന്ന വനസ്ഥലികളായിരുന്നു. നാടു വികസിച്ചതിനോടൊപ്പം നാട്ടുകാരുടെ മനസ്സിലെ കാടുകൾ വികസിച്ചു. കാട്ടുജീവികളെ, മൃഗമായാലും ആദിവാസിയായാലും, കണ്ടില്ലെന്ന് നടിച്ച് ഹൈവേകളും റെയിൽ പ്പാതകളും പണിതു. അവരെ കൂടുതൽ കാടിനുള്ളിലേക്ക് ചവുട്ടിയകറ്റി. എയർഹോൺ മുഴക്കി, രാപ്പകൽ അലറിക്കുതിക്കുന്ന വാഹനങ്ങൾ, നീണ്ടയാത്ര ക്കിടയിൽ ഒരു ലെഗ്സ്ട്രെച്ച് എന്ന ഓമനപ്പേരിൽ കാടിനുള്ളിൽ അനധികൃത പിക്നിക്. ഒത്താൽ ചെറിയൊരു നായാട്ട്. വെടിയിറച്ചി. രാത്രിഡ്രൈവിങ്ങ് നിയന്ത്രണംമൂലം ഇതിനൊക്കെ ഒരു നിയന്ത്രണം വരും ഇനി മുതൽ. കാടിന്റെ യഥാർത്ഥ അവകാശികൾ, വാഹനത്തിന്റെ ഹെഡ്ലൈറ്റും ഹോണും ഭയപ്പെടാതെ 212 ഹൈവേയിൽ നിർഭയമായി നടക്കട്ടെ. മാനുകളും കരടികളും കൂട്ടത്തോടെ ഹൈവേക്ക് തലങ്ങും വിലങ്ങും വിഹരിക്കട്ടെ. മുളങ്കൂട്ടങ്ങളെ കുത്തി മറിക്കട്ടെ. രാത്രി പത്തുമുതൽ ആറുവരെ കാടിന്റെ അനന്തദൂരങ്ങളിൽ മഹാദന്തികൾ നിർബാധം മേഞ്ഞുനടക്കട്ടെ. പുരാതനമായ കാടൻ മെട്രിക്സിൽ ഒരു ചരക്കു ലോറിയും അതിന്റെ പതിനാറ് ചക്രങ്ങളും ഒരു സിമെട്രിയും ഉണ്ടാകരുത്. 212 നമ്പർ ഹൈവേ, പത്തുമണിക്ക് മുമ്പേ തരണം ചെയ്യാൻ പാകത്തിന് മാത്രം ഈ വഴി വണ്ടികൾ പോയാൽ മതി. അല്ലെങ്കിൽ വഴിയിൽ രാത്രി ചെലവിടാൻ തയ്യാറായിരിക്കണം. വെറുതേ ഗാർഡുകളെ മെനക്കെടുത്തരുത്. നിയമത്തിന്റെ ഗുണഭോക്താക്കൾ വോട്ടുബാങ്കുകളില്ലാത്ത കാട്ടുജീവികളായതുകൊണ്ട് പത്രങ്ങളുടെ കണ്ണീർ ക്രമേണ വറ്റിക്കോളും. കൂടുതൽ മാനുഷികതയുള്ളത് മൃഗങ്ങൾക്കായ തുകൊണ്ട്, നാളെ അഥവാ ഈ നിയന്ത്രണം പിൻവലിച്ചാലും മനുഷ്യന്റെ മൃഗീയതക്കെതിരെ അവ പ്രതിഷേധിക്കുകയുമില്ല.

## വരയും വരിയും

റഫീക്ക് അഹമ്മദ്




## സാമൂഹ്യ പ്രവർത്തകരുടെ ശ്രദ്ധയ്ക്ക്

കേരളത്തിലെ പൊതു വിഭവങ്ങൾക്കുവേണ്ടിയുള്ള ജനകീയ സമരങ്ങളേയും പൊതു പ്രശ്നങ്ങളേയും കേരളീയത്തിൽ പരിചയപ്പെടുത്തുന്നതിനും ബന്ധിപ്പിക്കുന്നതിനും വേണ്ടി തുടർച്ചയായി ശ്രമിക്കുന്ന മാധ്യമമെന്നനിലയിൽ വലുതും ചെറുതുമായ എല്ലാ സമരങ്ങളുടെയും അറിയിപ്പുകൾ, നോട്ടീസുകൾ, പഠനവിവരങ്ങൾ, പത്രക്കട്ടിങ്ങുകൾ, ഫോട്ടോകൾ തുടങ്ങിയവ കേരളീയത്തിലേക്ക് അയച്ചുതരണമെന്ന് അഭ്യർത്ഥിക്കുന്നു. പത്രമാധ്യമങ്ങളുടെ പ്രാദേശിക എഡിഷനുകൾ വന്നതോടുകൂടി ഒരു പൊതുപ്രശ്നം ജില്ലയ്ക്കകത്തുപോലും ചർച്ച ചെയ്യാതിരിക്കുന്ന സ്ഥിതിയിൽ അതറിയിക്കാനും ബന്ധിപ്പിക്കാനും സമരവിവരങ്ങൾ അയച്ചുതരണമെന്ന് അഭ്യർത്ഥിക്കുന്നു.

വിലാസം :

കേരളീയം, കൊക്കാലെ, തൃശൂർ-21

ഫോൺ : 9446576943, 9446586943, 0487-2421385

e-mail : robinkeraleeyam@gmail.com